


ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06 MARCH 2024 | VOL 03 | ISSUE 065 | 764

# ഗർഭഛിദ്രം ഇനി സ്ത്രീയുടെ അവകാശം

## ഫ്രാൻസിന്റെ അഭിമാനം' എന്നാണ് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പുതിയ നിയമത്തെ വിശേഷിപ്പിച്ചത്


പാരീസ്: ഗർഭച്ഛിദ്രം സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശമാക്കുന്ന ലോകത്തിലെ ആദ്യ രാജ്യമായി ഫ്രാൻസ്. പാർലമെന്റിന്റെ ഇരുസഭകളും സംയുക്ത സമ്മേളനം ചേർന്ന് നടത്തിയ അന്തിമവോട്ടെടുപ്പിൽ 72ന് എതിരെ 780 വോട്ടുകൾക്കാണ് ബിൽ പാസായത്. സ്ത്രീകൾക്ക് ഗർഭച്ഛിദ്രത്തിനുള്ള സ്വാതന്ത്ര്യം ഉറപ്പാക്കാൻ 1958ലെ ഫ്രഞ്ച് ഭരണഘടന ഭേദഗതി ചെയ്യാൻ പാർലമെന്റിലെ ഭൂരിപക്ഷ അംഗങ്ങളും വോട്ടുചെയ്തതോടെ പിറന്നത് ചരിത്രമാണ്.

വോട്ടെടുപ്പിന് പിന്നാലെ പാരിസിലെ ഈഫൽ ടവറിൽ ആഘോഷങ്ങൾ തുടങ്ങി. 'എന്റെ ശരീരം എന്റെ തീരുമാനം' എന്ന മുദ്രാവാക്യം അന്തരീക്ഷത്തിൽ അലയടിച്ചു. ഗർഭച്ഛിദ്രം ഭരണഘടനാവകാശമാക്കുന്ന നിർണായക ഭേദഗതി ബില്ലിന് നേരത്തെ ഫ്രഞ്ച് സെനറ്റിന്റെ അംഗീകാരം ലഭിച്ചിരുന്നു. പാർലമെന്റിന്റെ ഉപരിസഭയായ സെനറ്റിൽ നടന്ന വോട്ടെടുപ്പിൽ 267 അംഗങ്ങൾ അനുകൂലമായി വോട്ടുചെയ്തപ്പോൾ എതിർത്തത് വെറും 50 പേർ മാത്രമായിരുന്നു. മറ്റുപല രാജ്യങ്ങളും അവരുടെ ഭരണഘടനയിൽ പ്രത്യുൽപാദന അവകാശങ്ങൾ ഉൾപ്പെടുത്തുമ്പോൾ, ഗർഭച്ഛിദ്രം അവകാശമാക്കി ഫ്രാൻസ് ആധുനിക ഫ്രാൻസിന്റെ ഭരണഘടനയിലെ ഇരുപത്തഞ്ചാമത്തെയും 2008നു ശേഷമുള്ള ആദ്യത്തെയും ഭേദഗതിയാണിത്.'ഫ്രാൻസിന്റെ അഭിമാനം' എന്നാണ് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പുതിയ നിയമത്തെ വിശേഷിപ്പിച്ചത്. സാർവ്വദേശീയ സന്ദേശമാണ് ഇതിലൂടെ നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഗർഭച്ഛിദ്രത്തിനുള്ള അവകാശം അപകടത്തിലാണെന്നും തീരുമാനമെടുക്കുന്ന നിങ്ങളുടെ കാരുണ്യത്തിനായി കാത്തിരിക്കുകയാണെന്നുമാണ് വോട്ടെടു പ്പിന് മുൻപ് ഫ്രഞ്ച് പ്രധാനമന്ത്രി ?ഗബ്രിയേൽ അറ്റൽ പാർലമെന്റിൽ പറഞ്ഞത്. നിങ്ങളുടെ ശരീരം നിങ്ങളുടെത് മാത്രമാണ്. അതിൽ മറ്റൊരാൾക്ക് തീരുമാനമെടുക്കാനാവില്ല. എല്ലാ സ്ത്രീകൾക്കുമുള്ള ഞങ്ങളുടെ സന്ദേശമാണിത് അദ്ദേഹം വ്യക്തമാക്കി.

ഗർഭച്ഛിദ്രം ഭരണഘടനാപരമായ അവകാശമാക്കിയ ഫ്രഞ്ച് നടപടിയെ സ്വാ?ഗതം ചെയ്യുന്നവർ നിരവധിയാണ്. എന്നാൽ വത്തിക്കാൻ എതിർപ്പ് ആവർത്തിച്ചു. ഒരു മനുഷ്യജീവനെടുക്കാൻ ആർക്കും അവകാശമില്ലെന്ന് വത്തിക്കാൻ പ്രസ്താവനയിലൂടെ വ്യക്തമാക്കി. ഫ്രഞ്ച് ബിഷപ്പുമാരുടെ ഇക്കാര്യത്തിലുള്ള ആശങ്കകൾ വത്തിക്കാൻ പങ്കുവെക്കുകയും ചെയ്തു. ഗർഭച്ഛിദ്രത്തെ എതിർക്കുന്ന ചില സംഘടനകളും നിയമത്തെ രൂക്ഷമായി വിമർശിച്ചു.




## CARTOON:



06 MARCH 2024
VOL 03 | ISSUE 065 | 764

എഡിറ്റോറിയൽ

EDITORIAL BOARD
പത്രാധിപസമിതി

ചീഫ് എഡിറ്റർ
ബ്ലസിൻ ജോൺ മലയിൽ

മാനേജിംഗ് എഡിറ്റർ
അജി കെ ജോർജ്ജ്

പബ്ലിഷർ
നെൽസൺ ജോർജ്ജ്

എഡിറ്റർമാർ
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

# സ്വന്തസുഖങ്ങൾക്ക് വേണ്ടി പിഞ്ചു കുഞ്ഞിനെ കൊല്ലാൻ മടിക്കാത്ത അമ്മമാർ



സിസ്റ്റർ ഷീലാ ദാസ്
കീഴൂർ

പതിനൊന്ന് മാസം മാത്രം പ്രായമുള്ള കുഞ്ഞിനെ കൊന്നു ചവറ്റുകൂനയിൽ തള്ളിക്കളഞ്ഞത് ഒരമ്മയും കാമുകനും ചേർന്നാണ്. സ്വന്തം സുഖങ്ങൾക്ക് വേണ്ടി പിഞ്ചു കുഞ്ഞിനെ കൊല്ലാൻ മടിക്കാത്ത അമ്മമാർ വർദ്ധിക്കുന്നു. ബന്ധങ്ങൾ എല്ലാവർക്കും ഭാരം ആകുന്നു. ആർക്കും സ്വന്തം രക്തത്തെ പോലും തിരിച്ചറിയാൻ പറ്റാത്ത നിലയിൽ അകന്നുപോയ അനുഭവങ്ങളാണ് ചുറ്റും. നിസ്സാര കാര്യങ്ങൾ പോലും ആത്മഹത്യയിലും കൊലപാതകത്തിലും എത്തിക്കുന്ന നിലയിൽ കാര്യങ്ങൾ വഷളായി.

വേദപുസ്തകം അനുസരിക്കുന്നവർക്കറിയാം മറ്റൊരാളെ വാക്കുകൾ കൊണ്ട് പോലും വേദനിപ്പിക്കാൻ പാടില്ല.സഹോദരനെ മൂഡാ എന്നോ നിസ്സാരനെന്നോ വിളിച്ചാൽ പോലും വലിയ ശിക്ഷകൾ ലഭിക്കും. അങ്ങനെയെങ്കിൽ മറ്റൊരാൾക്ക് ദൈവം നൽകിയ ജീവൻ നാം നഷ്ടപ്പെടുത്തിയാൽ എത്ര വലിയ ശിക്ഷയാണ് കാത്തിരിക്കുന്നതെന്ന് ചിന്തിക്കുക.

മനുഷ്യന്റെ സ്വഭാവത്തെ മാറ്റുവാൻ കഴിയുന്ന ഏകനാമം യേശുവിന്റെ നാമമാണ്,; ഏക പുസ്തകം ദൈവവചനമാണ്. മനുഷ്യന്റെ ഹൃദയത്തിലെ ചിന്തകളും വിചാരങ്ങളും അറിയുന്ന സർവശക്തനായ ദൈവത്തിന്റെ മുൻപിൽ എല്ലാ മനുഷ്യരും നിൽക്കേണ്ടി വരുന്ന ഒരു ദിവസമുണ്ട്. പ്രവർത്തിച്ചതിനു അനുസരിച്ചു വിധി നടപ്പാക്കുന്ന ദിവസം. അതുകൊണ്ട് നമ്മുടെ ജീവകാലം ഭയത്തോടെ കഴിക്കണം. മനുഷ്യനെ ഭയവും ദൈവത്തെ ശങ്കയും ഇല്ലാത്ത ജനം വർധിച്ചു വരുമ്പോൾ ദൈവഭയത്തോടെ നമുക്ക് ജീവിതം നയിക്കാൻ കൃപ പ്രാപിക്കാം

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### ലക്സംബർഗ്

| | | |
|---|---|---|
| തലസ്ഥാനം | : | ലക്സംബർഗ് |
| ഭാഷ | : | ലക്സംബർഗിഷ്, ജർമ്മൻ, ഫ്രഞ്ച് |
| ജനസംഖ്യ | : | 660,809 |
| പ്രസിഡണ്ട് | : | ലൂക്ക് ഫ്രൈഡൻ |
| മതം | : | ക്രിസ്ത്യൻ |

ജനത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ ശക്തി വെളിപ്പെടാനായി പ്രാർത്ഥിക്കുക.

ലക്സംബർഗിൽ ദൈവവചനം വേഗത്തിൽ എല്ലാവർക്കും ലഭ്യമാകാനായി പ്രാർത്ഥിക്കുക.

സുവിശേഷകരോടുള്ള സർക്കാരിന്റെ സംശയാസ്പദമായ മനോഭാവം മാറാനായി പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 06**

അങ്ങയുടെ വാഗ്ദാനം എനിക്ക് ജീവൻ നൽകുന്നു എന്നതാണ്, ദുരിതങ്ങളിൽ എന്റെ ആശ്വാസം'.
(സങ്കീ 119 : 50)

# വടക്കൻ ഗസ്സയിലെ ആശുപത്രികളിൽ കുട്ടികൾ പട്ടിണി മൂലം മരിക്കുന്നു; ലോകാരോഗ്യ സംഘടന



ജനീവ: വടക്കൻ ഗസ്സയിൽ കുട്ടികൾ പട്ടിണി മൂലം മരിക്കുന്നതായി ലോകാരോഗ്യ സംഘടന. ഭക്ഷണത്തിന്റെ അഭാവം 10 കുട്ടികളുടെ മരണത്തിനും ഗുരുതരമായ പോഷകാഹാരക്കുറവിനും കാരണമായി എന്ന് ഡബ്ള്യൂ എച്ച് ഒ മേധാവി ടെഡ്രോസ് അദാനോം ഗെബ്രിയേസസ് സോഷ്യൽമീഡിയ പോസ്റ്റിൽ കുറിച്ചു. കമാൽ അദ്‌വാൻ ആശുപത്രിയിൽ പോഷകാഹാരക്കുറവും നിർജ്ജലീകരണവും മൂലം 15 കുട്ടികൾ മരിച്ചതായി ഗസ്സ ആരോഗ്യ മന്ത്രാലയം റിപ്പോർട്ട് ചെയ്തു. അൽഅവ്ദ ആശുപത്രിയിലെ സ്ഥിതി വളരെ ഭയാനകമാണെന്നും ട്രെഡോസ് കൂട്ടിച്ചേർത്തു.

# ഇസ്രായേലിൽ മിസൈൽ ആക്രമണത്തിൽ മലയാളി കൊല്ലപ്പെട്ടു, രണ്ട് പേർക്ക് പരിക്ക്



ജറുസലേം: ഇസ്രായേലിൽ മിസൈൽ ആക്രമണത്തിൽ മലയാളി കൊല്ലപ്പെട്ടു. കൊല്ലം സ്വദേശി നിബിൻ മാക്സ് വെല്ലാണ് കൊല്ലപ്പെട്ടത്. രണ്ട് മലയാളികളടക്കം ഏഴുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇടുക്കി സ്വദേശികളായ ബുഷ് ജോസഫ് ജോർജ്ജ്, പോൾ മെൽവിൻ എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ ചികിത്സയ്ക്കായി ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ഇസ്രായേലിന്റെ വടക്കൻ ഗലീലി മേഖലയിലെ മൊഷവ് എന്ന സ്ഥലത്താണ് മിസൈലാക്രമണം നടന്നത്. ഇസ്രായേലിലെ കൃഷി ഫാമിലെ ജീവനക്കാരായിരുന്നു മൂന്ന് പേരും.

# ടി.പി.എം സാർവ്വദേശീയ കൺവൻഷൻ ചെന്നൈയിൽ

ചെന്നൈ: ദി പെന്തെക്കൊസ്ത് മിഷൻ സഭയുടെ ഏറ്റവും വലിയ ആത്മീയസംഗമമായ ചെന്നൈ സാർവ്വദേശീയ കൺവൻഷനും ദൈവിക രോഗശാന്തി ശുശ്രൂഷയും മാർച്ച് 6 മുതൽ 10 ഞായർ വരെ ചെന്നൈ താമ്പരത്തിനു സമീപം ഇരുമ്പല്ലിയൂർ ടി.പി.എം സഭ ആസ്ഥാനത്ത് നടക്കും. ദിവസവും വൈകിട്ട് 6 ന് സുവിശേഷ പ്രസംഗം, രാവിലെ 7 ന് ബൈബിൾ ക്ലാസ്, 9.30 ന് പൊതുയോഗം, വൈകിട്ട് 3 ന് കാത്തിരിപ്പ് യോഗം, വൈകിട്ട് 3 നും രാത്രി 10 നും യുവജന മീറ്റിംഗ് എന്നിവ നടക്കും.ഞായറാഴ്ച രാവിലെ സ്നാന ശുശ്രൂഷയും തുടർന്ന് 9 ന് ഇരുമ്പല്ലിയൂർ, അഡയാർ, കടലൂർ, വെല്ലൂർ സെന്ററുകളിലെ 120 ഓളം പ്രാദേശിക സഭകളുടെ സംയുക്ത സഭായോഗവും വൈകിട്ട് 6 ന് പ്രത്യേക രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കും. പ്രസംഗം തത്സമയം ഇംഗ്ലീഷ്, തമിഴ്, മലയാളം, ഹിന്ദി, തെലുങ്ക്, കന്നഡ, പഞ്ചാബി, സിംഹള, നേപ്പാളി, നാഗാമിസ് ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തും. താമ്പരം, ചെന്നൈ റെയിൽവേ സ്റ്റേഷനിൽ നിന്നും ചെന്നൈ എയർ പോർട്ടിൽ നിന്നും പ്രത്യേക ബസ് സർവീസുകൾ തമിഴ്നാട് സർക്കാർ ക്രമീകരിക്കും. ബസ്, റെയിൽവേ, എയർ ടിക്കറ്റ് എടുക്കുവാൻ ഉള്ള ക്രമീകരണങ്ങൾ സഭ ആസ്ഥാനത്ത് ഒരുക്കിട്ടുണ്ട്.



# ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ലോകനിലവാരത്തിലേക്കുയർത്തും: മുഖ്യമന്ത്രി

കൊച്ചി : പുതിയ കാലഘട്ടത്തിലെ തൊഴിൽ മേഖലകൾക്കാവശ്യമായ വിഭവശേഷി നൽകാൻ കഴിയുന്ന രീതിയിൽ എ പി ജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവകലാശാലയെ ലോകനിലവാരത്തിലേക്കുയർത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എപിജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. 50 ഏക്കറിലാണ് സർവകലാശാലയുടെ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിലവിൽ വരുന്നത്. ഇതോടെ സ്വന്തമായി ആസ്ഥാനമെന്ന സർവകലാശാലയുടെ സ്വപ്നം യാഥാർഥ്യമാകുകയാണ്.

# ഹെയ്തിയിൽ അടിയന്തരാവസ്ഥ

പോർട്ടോ പ്രിൻസ്: ഹെയ്തിയിൽ ഗുണ്ടാസംഘങ്ങൾ നടത്തിയ കലാപത്തെ തുടർന്ന് രാജ്യത്തെ പ്രധാനപ്പെട്ട രണ്ട് ജയിലുകളിൽ നിന്ന് രക്ഷപ്പെട്ടത് നാലായിരത്തിലധികം തടവുപുള്ളികൾ. രാജ്യത്തെ നടുക്കിയ കലാപത്തിന് പിന്നാലെ സർക്കാർ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ആക്രമണത്തിൽ രക്ഷപ്പെട്ട കൊലയാളികൾ ഉൾപ്പെടെയുള്ള ക്രിമിനലുകളെ പിടികൂടാനാണ് 72 മണിക്കൂർ നീണ്ട അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതെന്ന് സർക്കാർ അറിയിച്ചു. രാജ്യത്തുടനീളം കർഫ്യൂ നിലവിൽ വന്നിട്ടുണ്ട്.

# ചതുർദിന യുവജന ക്യാമ്പ് : ഡിവൈൻ ടച്ച്

എറണാകുളം : ഡിവൈൻ പ്രയർ മിനിസ്ട്രീസ് ന്റെ ആഭിമുഖ്യത്തിൽ മെയ് 6 ,7, 8 ,9 തീയതികളിൽ അങ്കമാലി കൺവെൻഷൻ സെന്റർ തുറവൂരിൽ വെച്ച് ഡിവൈൻ ടച്ച് 2 എന്ന പേരിൽ ചതുർദിന യുവജന ക്യാമ്പ് സംഘടിപ്പിക്കുന്നു. മെയ് 6 രാവിലെ ഒൻപതുമുതൽ 9 നു ഉച്ചയ്ക്ക് ഒരുമണി വരെയാണ് ക്യാമ്പ് നടത്തപ്പെടുന്നത്. ക്യാമ്പിൽ പങ്കെടുക്കാനുള്ള പ്രായപരിധി 15 35 വയസ്സ് വരെയാണ്. പാ.വർഗീസ് ബേബി കായംകുളം ആൻഡ് പ്രയർ ടീം ക്യാമ്പിന് നേതൃത്വം നൽകുന്നു. ക്യാമ്പിന്റെ പ്രത്യേകതകൾ: പരിശുദ്ധാത്മ സ്നാനത്തിനും കൃപാവരങ്ങൾക്കുമായി പ്രത്യേക പ്രാർത്ഥനയും സെക്ഷനുകളും ,മിഷൻ ചലഞ്ച് ,ബൈബിൾ ധ്യാനം, സംഗീതാരാധന, ടീനേജ് ഇഷ്യൂ , പ്രയർ സെക്ഷൻ ,പരിചയ സമ്പന്നരായ അധ്യാപകരും ശുശ്രുഷക നിരയും,ക്ലാസുകൾ പാ.ബിജു ജേക്കബ് വ്യക്തിപരമായ കൗൺസിലിംഗ് & ഫാമിലി കൗൺസിലിംഗ് ,ഇന്നത്തെ വെല്ലുവിളികൾ , മികച്ച ഭക്ഷണം ,സഹോദരൻ മാർക്കും, സഹോദരി മാർക്കും വെവ്വേറെ പ്രത്യേകം താമസ സൗകര്യം ,സുരക്ഷിതമായ ക്യാമ്പ് സൈറ്റ് ,ക്യാമ്പ് ഫീസ് 500/ രൂപ.

# പ്രധാനമന്ത്രിക്ക് വധഭീഷണി; വാളുമായി പ്രത്യക്ഷപ്പെട്ടയാൾ അറസ്റ്റിൽ

ബാംഗ്ലൂർ : പ്രധാനമന്ത്രി നരേന്ദ്രമോദിയെ വധിക്കുമെന്ന് സമൂഹമാധ്യമങ്ങളിലൂടെ ഭീഷണി മുഴക്കിയയാൾ അറസ്റ്റിൽ. കർണാടക യാദ്ഗിർ സ്വദേശിയായ മുഹമ്മദ് റസൂൽ എന്നയാളാണ് സമൂഹമാധ്യമങ്ങളിൽ വാളടക്കമുള്ള ആയുധങ്ങളുമായി വീഡിയോ പോസ്റ്റ് ചെയ്തത്. പ്രധാനമന്ത്രി തെലങ്കാനയിൽ സന്ദർശനം നടത്തുന്നതിനിടെ വന്ന ഭീഷണി സന്ദേശത്തെ ഗൗരവത്തോടെയാണ് പൊലീസ് കാണുന്നത്. കർണാടക പൊലീസ് ഇതുമായി ബന്ധപ്പെട്ട് കേസെടുത്ത് അന്വേഷണം തുടങ്ങി.

# തൃപ്പൂണിത്തുറയിലേക്ക് മെട്രോ കുതിക്കും; നാളെ ഉദ്ഘാടനം

കൊച്ചി: കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിൽ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ ടെർമിനലിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിക്കും. രാവിലെ 10 മണിക്ക് കൊൽക്കത്തയിൽ നിന്ന് ഓൺലൈനായി പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. തൃപ്പൂണിത്തുറ സ്റ്റേഷനിൽ നിന്നുള്ള ആദ്യ ട്രെയിൻ ഭിന്നശേഷി കുട്ടികളുമായി ആലുവയിലേക്ക് പുറപ്പെടും. അന്ന് തന്നെ പൊതുജനങ്ങൾക്കായി തൃപ്പൂണിത്തുറയിൽ നിന്ന് സർവീസ് ആരംഭിക്കും.

ആലുവ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ 75 രൂപയാണ് അംഗീകൃത ടിക്കറ്റ് നിരക്ക്. ഉദ്ഘാടനത്തോട് അനുബന്ധിച്ച് നിലവിൽ ആലുവയിൽ നിന്ന് എസ് എൻ ജംക്ഷനിലേക്കുള്ള യാത്രാ നിരക്കായ 60 രൂപ തന്നെ തൃപ്പൂണിത്തുറ വരെയും ഈടാക്കൂ. ഇനിയൊരു അറിയിപ്പ് ഉണ്ടാവുന്നത് വരെ 15 രൂപ ഇളവോടെ ആലുവയിൽ നിന്ന് തൃപ്പൂണിത്തുറ വരെ മെട്രോയിൽ യാത്ര ചെയ്യാം.

# മാലിദ്വീപുമായി പുതിയ സൈനിക കരാർ ഒപ്പുവച്ച് ചൈന

മാലി : ഇന്ത്യയും മാലിദ്വീപും തമ്മിലുള്ള ബന്ധം വഷളായതോടെ മാലിദ്വീപുമായി സൈനിക കരാർ ഒപ്പുവെച്ച് ചൈന. മാലിദ്വീപ് പ്രതിരോധ മന്ത്രി ഗസ്സൻ മൗമൂനും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ ഇന്റർനാഷണൽ മിലിട്ടറി കോഓപ്പറേഷൻ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ മേജർ ജനറൽ ഷാങ് ബവോഖും ഒപ്പുവച്ചു.



# ഏ.ജി. തെരഞ്ഞെടുപ്പിൽ ഗ്രൂപ്പുയോഗങ്ങൾക്കും വോട്ടുപിടുത്തത്തിനും ഞാനില്ല, ദൈവജനം തെരഞ്ഞെടുത്താൽ ഗ്രൂപ്പിസത്തിൽ നിന്ന് സഭയെ മോചിപ്പിക്കും': ഡോ. കെ.ജെ. മാത്യു

വാളകം : ഗ്രൂപ്പ് മീറ്റിങ്ങിനും വോട്ട് പിടിത്തത്തിനുമില്ലെന്നാണ് ഡോ. കെ.ജെ. മാത്യുവിന്റെ നിലപാട് . ജനം തെരഞ്ഞെടുത്താൽ നേതൃസ്ഥാനം സന്തോഷത്തോടെ സ്വീകരിക്കും. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് സീനിയർ ശുശ്രൂഷകനും എസ്ഐഎജി ജനറൽ സെക്രട്ടറിയുമായ കെ. ജെ. മാത്യു. എജി മലയാളം ഡിസ്ട്രിക്ട് തെരഞ്ഞെടുപ്പ് അടുത്തെത്തി. ഈമാസം 12, 13 തീയതികളിൽ വാളകം ലാന്റ്മാർക്ക് കൺവൻഷൻ സെന്ററിൽ കോൺഫറൻസ് നടക്കും.

വിഭാഗീയതയുടെ 'ദുരാത്മാ'വായ ഗ്രൂപ്പുകൾ സജ്ജീവമായി. മൂന്നു മേഖലയിലും നേതാക്കന്മാരുടെ നേതൃത്വത്തിൽ ഗ്രൂപ്പ് യോഗങ്ങൾ തകൃതിയായി നടക്കുന്നു. സെക്ഷൻ തലത്തിൽ പോലും വോട്ടുപിടിത്തവും ഗ്രൂപ്പ് മീറ്റിങ്ങും പൊടിപൊടിക്കുകയാണ്. വെയിലും ചൂടും നോക്കാതെ മത്സരാർത്ഥികൾ നെട്ടോട്ടം ഓടിത്തുടങ്ങി. ഫോൺ വിളികൾ കേട്ട് ശുശ്രൂഷകർ മടുത്തു.' തേൻപുരട്ടിയ' വാക്കുകൾ എത്ര ആർദ്രതയോടെയാണ് തട്ടിവിടുന്നത്. ആത്മാർത്ഥത ഇല്ലെന്ന് മാത്രം! . കെജെ ഒരു ഗ്രൂപ്പിനെയും പ്രോത്സാഹിപ്പിക്കാൻ തയ്യാറല്ല എന്നാണ് കേൾക്കുന്നത്. ആരോടും വോട്ടു ചോദിക്കാനും ഗ്രൂപ്പ് യോഗം നടത്താനും കെ ജെ ഇറങ്ങില്ല. ദൈവസഭയിൽ മത്സരം പാടില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. ഈ സാഹചര്യത്തിൽ പാസ്റ്റർ കെ. ജെ. മാത്യുവിന്റെ തീരുമാനം മാതൃകയും നീതിയുമാണ്. അദ്ദേഹം അഭിനന്ദനം അർഹിക്കുന്നു. ജനത്തിന് താൽപര്യമുണ്ടെങ്കിൽ മതി സ്ഥാനമാനങ്ങൾ. ഇല്ലെങ്കിൽ വേണ്ട. സൂപ്രണ്ട് സ്ഥാനം ദൈവം തന്നാൽ ഗ്രൂപ്പില്ലാത്ത എജിക്കായിരിക്കും മുൻസ്ഥാനം. അതിനുവേണ്ടി തന്നെ ഉറച്ചുനിൽക്കുമെന്നദ്ദേഹം തറപ്പിച്ചുപറയുന്നു. ആദർശത്തിനും വിശ്വാസത്തിനും കോട്ടംവരാതെ ഐക്യതയിൽ തന്നെ എല്ലാവരെയും നയിക്കുമെന്നാണ് ഏവരും കരുതുന്നത്.

നല്ല സഭയ്ക്കും സ്ഥാനത്തിനും വേണ്ടി ചാടികളിക്കുന്നവർക്ക് യോഗ്യതയുള്ളവരെ കാണാൻ കണ്ണില്ല എന്നതാണ് സത്യം. 'ദൈവം തെരഞ്ഞെടുക്കാൻ പദ്ധതിയുണ്ടെങ്കിൽ ജനം വോട്ടു ചെയ്യും. ദൈവം എന്നെ സൂപ്രണ്ട് സ്ഥാനത്തെത്തിച്ചാൽ വിഭാഗീയതയില്ലാത്ത എജിയാണ് എന്റെ ലക്ഷ്യം. ഇതാണ് ഡോ. കെ. ജെ. മാത്യുവിന്റെ നിലപാട്. സഭാരാഷ്ട്രീയം എജിയെ വല്ലാത്ത അവസ്ഥയിലെത്തിച്ചു. ഈ വിഭാഗീയതയുടെ വിഷവിത്ത് പ്രാദേശിക സഭകളിലും വളർന്നു കഴിഞ്ഞു. സ്നേഹത്തിന്റെ ആദർശം പ്രസംഗിക്കുന്നവരിൽ ചിലർ അഹന്തയും ഭള്ളും നിറഞ്ഞവരും തനിക്കുശേഷം പ്രളയം എന്ന് വിശ്വസിക്കുന്നവരുമാണ്. ഏതെങ്കിലും ചുമതലയിൽ എത്തിയ നേതാവിന് പിന്നീട് കസേരയില്ലാതെ ജീവിക്കാൻ പറ്റില്ലാത്ത അവസ്ഥയാണിന്നുള്ളത്. അതിന് കാശെറിഞ്ഞും എന്ത് ഹീനമാർഗ്ഗങ്ങൾ കാട്ടിയും വോട്ട് കീശയിലാക്കാൻ ശ്രമിക്കുകയാണ്. ആട്ടിൻകൂട്ടത്തെ ചിന്നിക്കുന്ന ചെന്നായായി മാറുകയാണ് ഒരുകൂട്ടർ.

ഗ്രൂപ്പ് വളർത്തുന്ന വ്യക്തി എത്ര ഉന്നത നായാലും 'നോ' എന്നു പറയാനുള്ള ചങ്കുറപ്പാണ് വേണ്ടത്. സഭ സ്ഥാപിതമായിരിക്കുന്നത് യേശുക്രിസ്തുവിലാണ്. ഏക്കർ കണക്കിന് വസ്തുവും സൗകര്യങ്ങളും ആയതോടെ ഗ്രൂപ്പുകൾ തമ്മിൽ കേസും വഴക്കുമായി. പിന്നെയും വസ്തുവകകൾ എവിടെയൊക്കെയോ വാങ്ങിക്കൂട്ടുന്നു. ഒന്നുമില്ലാതെ വേലക്കിറങ്ങിയവർക്ക് കണക്കില്ലാത്ത സമ്പത്തുമായി. ഇപ്പോൾ പ്രസ്ഥാനത്തിൽ യേശുവുണ്ടോ എന്ന് വോട്ടർമാരായ പാസ്റ്റർമാരും വിശ്വാസികളും ചിന്തിക്കണം. ഇതിനെല്ലാം കാരണം ഗ്രൂപ്പ്കളികളാണ്.



# ക്രൈസ്തവരുടെ അവസ്ഥ പരിതാപകര മെന്ന് മൊസാംബിക്ക് ബിഷപ്പ്

മാപുടോ: രാജ്യത്ത് ഇസ്ലാമിക തീവ്രവാദം ഉയർത്തുന്ന വെല്ലുവിളി എന്നത്തേക്കാളും ഉയർന്ന അവസ്ഥയിലാണെന്നും പ്രാദേശിക മേഖലകളിൽ നിന്നു ക്രൈസ്തവർ കൂട്ടത്തോടെ പലായനം ചെയ്യുകയാണെന്നും മൊസാംബിക്ക് ബിഷപ്പ്. വടക്കൻ മൊസാംബിക്കിൽ പെംബ രൂപതയിലെ ബിഷപ്പ് അന്റോണിയോ ജൂലിയാസാണ് രാജ്യത്തെ ക്രൈസ്തവർ നേരിടുന്ന വെല്ലുവിളി സന്നദ്ധ സംഘടനയായ എയിഡ് ടു ദ ചർച്ച് ഇൻ നീഡിനോട് വിവരിച്ചത്. അടുത്തിടെ കുറഞ്ഞത് 12 കമ്മ്യൂണിറ്റികളെങ്കിലും തീവ്രവാദികൾ റെയ്ഡ് ചെയ്തതായി റിപ്പോർട്ടുകളുണ്ടെന്നും താരതമ്യേനെ സുരക്ഷ വാഗ്ദാനം ചെയ്യുന്ന വലിയ നഗരങ്ങളിലേക്ക് ജനങ്ങൾ കൂട്ടത്തോടെ പലായനം ചെയ്യുകയാണെന്നും അദ്ദേഹം പറഞ്ഞു.
ഗ്രാമങ്ങളിലെ എല്ലാ ക്രിസ്ത്യൻ ചാപ്പലുകളും നശിപ്പിക്കപ്പെട്ടു. മൊസാംബിക്കിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് ക്രൈസ്തവരാണ്. ആഭ്യന്തര കലഹങ്ങളും ഇസ്ലാമിക തീവ്രവാദികളുടെ വ്യാപനവുമാണ് ക്രൈസ്തവർക്ക് ഏറെ വെല്ലുവിളി സൃഷ്ടിക്കുന്നത്.

# സോമാലിയ ഭീകരാക്രമണം; പരിക്കേറ്റ യു.എ.ഇ സൈനികനെ സന്ദർശിച്ച് പ്രസിഡൻറ്

അബൂദബി: സോമാലിയയിൽ സായുധ സേനക്ക് സൈനിക പരിശീലനം നൽകുന്നതിനിടെയുണ്ടായ ഭീകരാക്രമണത്തിൽ പരിക്കേറ്റ യു.എ.ഇ സൈനികനെ ആശുപത്രിയിൽ സന്ദർശിച്ച് പ്രസിഡൻറ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ് യാൻ. അബൂദബിയിലെ സായിദ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ക്യാപ്റ്റൻ മുഹമ്മദ് സലിം അൽ നുഐമിയെയാണ് പ്രസിഡൻറ് സന്ദർശിച്ചത്.

# ആംബുലൻസുകളും, ആശുപത്രികിടക്കകളും സീൽ ആശ്രമത്തിനു നൽകി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ

മുംബൈ : ജീവിതം കൈവിട്ടു പോയവരും തെരുവിൽ ഉപേക്ഷിക്കപ്പെട്ടവരുമായ നിരവധി നിരാലംഭരുടെ ആശ്രയ കേന്ദ്രമായ പൻവേൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന സീൽ ആശ്രമത്തിനു രണ്ടു ആംബുലൻസുകൾ ,120 ആശുപത്രി കിടക്കകൾ ,ആശുപത്രി ഫർണിച്ചറുകൾ ,വാട്ടർ ഫിൽറ്റർ മുതലായവ നൽകി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ .
ആംബുലൻസിന്റെ ഉദ്ഘാടനം ഹാസ്യനടൻ ജോണി ലിവർ ,ഡോ. എബ്രഹാം മത്തായി, സീൻ ആശ്രമം സ്ഥാപകൻ പ.കെ എം ഫിലിപ് എന്നിവർ നിർവഹിച്ചു. മാർച്ച് നാലിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ചീഫ് ജനറൽ മാനേജർ ഗൗതം ഗുപ്ത,ജനറൽ മാനേജർ സൗമ്യ ആനന്ദ് മറ്റു മുതിർന്ന ഉദോഗസ്ഥരും ചേർന്ന് സീൽ ടീമിന്റെ സാന്നിധ്യത്തിൽ ആംബുലൻസുകൾ ഫ്ലാഗ് ഓഫ് ചെയ്തു.
1999 ൽ സ്ഥാപിതമായ സോഷ്യൽ ആൻഡ് ഇവാൻജെലിക്കൽ അസോസിയേഷൻ ആണ് സീൽ ആശ്രമം ഭക്ഷണം ,മ്മൂല്യൂശ്രമാ , വസ്ത്രം ,ആരോഗ്യ പരിരക്ഷ ,വിദ്യാഭ്യാസം ,എന്നിവ നൽകുന്നതോടൊപ്പം ബന്ധുക്കളെ കണ്ടെത്തി ജന്മനാടുകളിലേക്കു മടക്കി ആയിക്കാണും സീൽ ആശ്രമം വഹിക്കുന്ന പങ്ക് വളരെ വലുതാണ് .
തെരുവിൽ നിന്നും ആശ്രമത്തിലെത്തുന്നവർ സ്രഷ്ടാവാം ദൈവത്തെ തിരിച്ചറിഞ്ഞു സമാധാനത്തോടെ അവരുടെ കുടുംബങ്ങളെ ഏൽപ്പിക്കുന്നതിൽ വിജയം കണ്ടതായി സ്ഥാപക ഡയറക്ടർ പാ. കെ എം ഫിലിപ്പ് പറഞ്ഞു.

# ലോകത്ത് അതിവേഗം വളരുന്ന ക്രിസ്ത്യൻ ജനസംഖ്യ ഏഷ്യയിലെന്ന് റിപ്പോർട്ട്

റഷ്യ : ലോകമെമ്പാടും തീവ്രമായ പീഢനങ്ങൾ ഉണ്ടായിട്ടും ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ ഗ്ളോബൽ സൗത്തിലാണ്. ഏഷ്യയിൽ അതിവേഗം ക്രിസ്ത്യാനിത്വം വളർന്നു കൊണ്ടിരിക്കുകയാണെന്ന് സ്റ്റാറ്റസ് ഓഫ് ഗ്ളോബൽ ക്രിസ്റ്റ്യാനിറ്റി 2024. എന്ന യു.എസ്. ആസ്ഥാനമായുള്ള സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഗ്ളോബൽ ക്രിസ്റ്റ്യാനിറ്റി പുറത്തുവിട്ട പഠന റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. സിഎസ്ജിസി റിപ്പോർട്ടനുസരിച്ച് ഗ്ളോബൽ സൌത്ത് 2024 പകുതിയോടെ 1,795,295,000 ക്രിസ്ത്യാനികളുള്ള ഭവനങ്ങളായിതിക്കും 2050 ഓടെ ഇത് 2,597,821,000 ആയി ഉയരുമെന്നു പ്രതീക്ഷിക്കുന്നു.

# വിദേശികളുടെ ആശ്രിത ലെവി പുനഃപരിശോധിക്കും: സൗദി ധനമന്ത്രി



റിയാദ് : സൗദി അറേബ്യയിലെ വിദേശികളുടെ കുടുംബാംഗങ്ങളുടെ പേരിൽ ചുമത്തിവരുന്ന ആശ്രിത ലെവി പുനഃപരിശോധിക്കുമെന്ന് സൗദി ധനമന്ത്രി മുഹമ്മദ് അൽജദ്ആൻ വ്യക്തമാക്കി. പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലേക്ക് ഉൽപ്പാദനക്ഷമതയുള്ള പ്രതിഭകളെ ആകർഷിക്കാൻ സൗദി അറേബ്യ ശ്രമിക്കുന്ന സാഹചര്യത്തിലാണിത്. ജലം, വൈദ്യുതി തുടങ്ങിയവ ലാഭിക്കുന്നതിന് നൽകുന്ന സബ്സിഡിയിൽ നിന്ന് അവർക്ക് പ്രയോജനം ലഭിക്കുന്നതിനാൽ സാമ്പത്തിക നഷ്ടപരിഹാരമെന്ന നിലയിൽ ആശ്രിത ലെവി തീരുമാനം ആവശ്യമായിരുന്നു. സോക്രട്ടീസ് പ്രോഡ് കാസ്റ്റുമായി സംസാരിക്കുകയായിരുന്നു മന്ത്രി. മൂല്യവർധിത നികുതി (വാറ്റ്) നടപ്പാക്കിയത് പ്രതിസന്ധിഘട്ടത്തിലായിരുന്നു. ഇത് ഗൾഫ് സാമ്പത്തിക നയങ്ങളുമായി പൊരുത്തപ്പെടുന്നതാണ്. ആദായനികുതിക്ക് പോസിറ്റീവുകളുണ്ടെങ്കിലും സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. രാജ്യത്തെ സാമ്പത്തിക പരിഷ്കാരങ്ങൾ വേദനാജനകമായിരുന്നു. ഞങ്ങൾക്ക് കാത്തിരിക്കാൻ കഴിഞ്ഞില്ല. ഇത് പൊതു ധനകാര്യം നിയന്ത്രിക്കുന്നതിനും കമ്മി കുറയ്ക്കുന്നതിനും സമ്പദ് വ്യവസ്ഥയിൽ വിവിധ നല്ല ഫലങ്ങൾ കൈവരിക്കുന്നതിനും വേണ്ടിയായിരുന്നു. മന്ത്രി പറഞ്ഞു. 2017 മുതലാണ് സൗദിയിൽ ആശ്രിത ലെവി നടപ്പാക്കിയത്.

# ഭ്രൂണഹത്യ ക്ലിനിക്കിന് മുന്നിൽ പ്രാർത്ഥനയിൽ പങ്കുചേർന്ന് അമേരിക്കൻ ബിഷപ്പ്

വിനോണ: പ്ലാൻഡ് പാരന്റ് ഹുഡിന് മുന്നിൽ പ്രാർത്ഥനയിൽ പങ്കുചേർന്ന് 'വേഡ് ഓൺ ഫയർ' മിനിസ്ട്രി സ്ഥാപകനും അമേരിക്കൻ ബിഷപ്പുമായ റോബർട്ട് ബാരൻ. സമൂഹത്തിലെ ഏറ്റവും ദുർബലരായവരെ സംരക്ഷിക്കുന്നതിനായി പ്രാർത്ഥിക്കുവാനാണ് തങ്ങളുടെ ശ്രമമെന്ന് ബിഷപ്പ് പറഞ്ഞു. റോച്ചസ്റ്റർ ഏരിയയിലെ പ്ലാൻഡ് പാരന്റ്ഹുഡിന് മുന്നിലാണ് ബിഷപ്പ് നിരവധി പേരോടൊപ്പം പ്രാർത്ഥിച്ചത്. സമൂഹത്തിലെ ഏറ്റവും ദുർബലരായവരെ സംരക്ഷിക്കുന്നതിനും മരണത്തിന്റെ സംസ്കാരത്തിനെതിരായ പ്രതിഷേധത്തിൽ ഉറച്ചുനിൽക്കുന്നതിനും ഹൃദയങ്ങളുടെ പരിവർത്തനത്തിനായി നാം തുടർന്നും പ്രാർത്ഥിക്കണമെന്നും വിനോണറോച്ചസ്റ്റർ രൂപതയുടെ അധ്യക്ഷനായ ബിഷപ്പ് പറഞ്ഞു.

# കാട്ടാനയുടെ ആക്രമണം: പ്രതിഷേധ നടത്തി കോതമംഗലം രൂപത

കോതമംഗലം: നേര്യമംഗലത്ത് കാട്ടാനയുടെ ആക്രമണത്തിൽ വീട്ടമ്മ അതിദാരുണമായി കൊല്ലപ്പെട്ടതിൽ അനുശോചനം രേഖപ്പെടുത്തിയും അധികാരികളുടെ നിരുത്തരവാദപരമായ സമീപനത്തിൽ പ്രതിഷേധിച്ചും കോതമംഗലം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ നേതൃത്വത്തിൽ പ്രതിഷേധം നടത്തി. നിരവധി തവണ മുന്നറിയിപ്പുകൾ നൽകിയിട്ടും വനം വകുപ്പ് അധികൃതരും അധികാരികളും കുറ്റകരമായ അനാസ്ഥയാണ് ഈ വിഷയത്തിൽ പുലർത്തുന്നതെന്ന് പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തവർ ഒന്നടങ്കം ചൂണ്ടിക്കാട്ടി.

# ശാലോം പ്രയർ വാരിയേഴ്സിന്റെ ഓൺലൈൻ പ്രയർ

ശാലോം പ്രയർ വാരിയേഴ്സിന്റെ ആഭിമുഖ്യത്തിൽ മാർച്ച് അഞ്ചിന് ഇന്ത്യൻ സമയം എട്ടു മുപ്പതുമുതൽ പത്തുമണിവരെ ഓൺലൈൻ പ്രയർ സംഘടിപ്പിക്കുന്നു. പാ.ബാബു സൈമൺ മാവേലിക്കര വചന സന്ദേശം നൽകും. സിസ്റ്റർ ഷീജ സുനിൽ ആരാധനയ്ക്കു നേതൃത്വം നൽകും.

# വയനാട്ടിൽ ഒൻപതാം ക്ലാസുകാരിക്കുനേരെ കാട്ടുപന്നി ആക്രമണം

വയനാട് : വെണ്ണിയോടിൽ ഒൻപതാം ക്ലാസുകാരിയെ കാട്ടുപന്നി ആക്രമിച്ചു. കോട്ടത്തറ ഹയർ സെക്കൻഡറി സ്കൂളിലെ ഫാത്തിമത് സഹനയെയാണ് കാട്ടുപന്നി ആക്രമിച്ചത്. ഇന്ന് രാവിലെ 9.30 യോടെയാണ് സംഭവം. മദ്രസയിൽ നിന്ന് മടങ്ങുന്നത് വഴിയാണ് വീടിന് അരികിലുള്ള വാഴത്തോട്ടത്തിൽ നിന്ന് സഹനയുടെ നേരേക്ക് പന്നി പാഞ്ഞടുത്തത്. ആക്രമണത്തിൽ കാലിന് പരുക്കേറ്റ സഹനയെ കൽപറ്റ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# ഇന്ത്യൻ പൗരൻമാർ സുരക്ഷിത സ്ഥാനത്തേക്ക് മാറണം; ഇസ്രായേലിലെ ഇന്ത്യൻ എംബസിയുടെ ജാഗ്രതാ നിർദേശം

ന്യൂഡൽഹി: മലയാളി യുവാവ് മിസൈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടതിന് പിറകെ ഇന്ത്യക്കാർക്ക് ജാഗ്രതാ നിർദേശവുമായി ഇസ്രായേലിലെ ഇന്ത്യൻ എംബസി. ഇസ്രയേലിലെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറണമെന്ന് പൗരന്മാരോട് ആവശ്യപ്പെട്ടു. നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ചും പ്രാദേശിക സുരക്ഷാ നിർദേശങ്ങൾ കണക്കിലെടുത്തുമാണ് പ്രത്യേക ജാഗ്രതാ നിർദേശമെന്ന് എംബസി വ്യക്തമാക്കി. എല്ലാ ഇന്ത്യക്കാരും, പ്രത്യേകിച്ച് തെക്ക്, വടക്ക് മേഖലകളിലെ അതിർത്തി പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവരും, ആ പ്രദേശങ്ങൾ സന്ദർശിക്കുന്നവരും സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറണമെന്നാണ് നിർദേശം.

# പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ലെങ്കിൽ മന്ത്രി രാജിവെച്ച് ഒഴിയുന്നതാണ് ഉത്തമം: മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

കോതമംഗലം: വനംവകുപ്പിനെ നിയന്ത്രിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും സാധിക്കുന്നില്ലെങ്കിൽ മന്ത്രി രാജിവെച്ച് ഒഴിയുന്നതാണ് ഉത്തമമെന്ന് കോതമംഗലം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ. നേര്യമംഗലം കാഞ്ഞിരവേലിയിൽ ജനവാസമേഖലയിൽ വീടിനോടു ചേർന്നുള്ള കൃഷിയിടത്തിൽ കാട്ടാനയുടെ ആക്രമണത്തിൽ വീട്ടമ്മ കൊല്ലപ്പെട്ട പശ്ചാത്തലത്തിലാണ് ബിഷപ്പിന്റെ പ്രതികരണം. വന്യജീവികളുടെ ആക്രമണങ്ങൾ നിയന്ത്രിക്കാൻ ശാശ്വത പരിഹാരത്തിനായി സർക്കാർ സംവിധാനങ്ങൾ ഇനിയും ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ വലിയ ബഹുജന പ്രക്ഷോഭത്തിനു നിർബന്ധിതരാകുന്ന സാഹചര്യമുണ്ടാകുമെന്നും ബിഷപ്പ് മുന്നറിയിപ്പു നൽകി.

# ദൈവത്തിൽ വിശ്വസിക്കുക, സ്വായത്തമാക്കാം : ഡോ. ജാബേഷ് ജോൺ

പട്ന : ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സ്വായത്തമാക്കാൻ ദൈവത്തിലുള്ള അചഞ്ചല വിശ്വാസം മാത്രമേ കരണീയമായിട്ടുള്ളുവെന്ന് ഡോ. ജാബേഷ് ജോൺ. ഗ്രേയ്റ്റർ നോയിഡായിൽ നടന്നുകൊണ്ടിരിക്കുന്ന ഹാർവെസ്റ്റ് ഫെസ്റ്റിവലിൽ ദൈവീക വാഗ്ദത്തങ്ങളെ കുറിച്ച് സംസാരിക്കുകയായിരുന്നു ന്യൂ മെക്സിക്കോ - അൽബുഖർഖി പ്രസ്ബിറ്റീയൻ ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസറായ അദ്ദേഹം. എന്തെല്ലാം നമ്മുടെ ജീവിതത്തിൽ സംഭവിച്ചാലും ഭയപ്പെടേണ്ട കാര്യമില്ല. കാരണം ക്രിസ്തുവിന്റെ സാന്നിദ്ധ്യം എപ്പോഴും നമ്മോടുകൂടെയുണ്ട്. നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നതും വിജയത്തിലെത്തിക്കുന്നതും കർത്താവാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ എത്തിപ്പിടിക്കാൻ നാം ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുക. ആ ശ്രമത്തിന്റെ പൂർത്തീകരണത്തിൽ ദൈവത്തിങ്കൽ നിന്ന് ലഭിക്കുന്ന മറുപടി 'എനിക്ക് അത് ചെയ്തു തരാൻ കഴിയും' എന്നാണ്. ദൈവം അബ്രഹാമിനോട് പറഞ്ഞത് നീ നിന്റെ രാജ്യത്തേക്ക് പോവുക, നിനക്കും നിന്റെ പിതാവിനും കുടുംബത്തിനും നൽകാമെന്ന് പറഞ്ഞ വാഗ്ദത്തദേശം കാണിച്ചു തരാമെന്നാണ്. നിന്നെ വലിയൊരു രാജ്യത്തിന്റെ അധിപതിയാക്കും, നിന്നെ അനുഗ്രഹിച്ച് നിന്റെ പേര് പ്രശസ്തിയിലെത്തിക്കും നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും, നിന്നാൽ സമൂഹം അനുഗ്രഹിക്കപ്പെടും എന്നൊക്കെയുള്ള വാഗ്ദത്തങ്ങൾ അബ്രഹാമിന്റെ ജീവിതത്തിൽ പ്രാവർത്തികമായി എന്നത് നാം തിരിച്ചറിയണം. ദൈവം അബ്രഹാമിനോട് പറഞ്ഞ സകല വാഗ്ദത്തങ്ങളും നിറവേറിയതായി ബൈബിളിലെ ചരിത്രഭാഗങ്ങൾ സാക്ഷിക്കുന്നു. ദൈവം പറഞ്ഞാൽ അത് അക്ഷരം പ്രതി നിറവേറിയിരിക്കും. ആകാശവും ഭൂമിയും മാറിപ്പോയാലും ദൈവവചനം മാറുകയില്ല. ഇസഹാക്ക്, യാക്കോബ്, ജോസഫ്, ദാവീദ്, മറിയ തുടങ്ങി കർത്താവിന്റെ ശിഷ്യന്മാരോട് വരെ പറഞ്ഞ സകല വാഗ്ദത്തങ്ങളും നിറവേറിയതായി കാണാം. നമ്മുടെ ജീവിതത്തിൽ ദൈവം നൽകാമെന്ന് പറഞ്ഞിട്ടുള്ള സകല വാഗ്ദത്തങ്ങളും നിറവേറിയിരിക്കും എന്നതിന് സംശയിക്കേണ്ട. ഈ അനുഗ്രഹങ്ങളെ പങ്കുവയ്ക്കാനുള്ള മനസ് നമുക്കുണ്ടാകണമെന്നും ഡോ. ജാബേഷ് സദസിനെ ഉദ്ബോധിപ്പിച്ചു. പാസ്റ്റർ സിജു ഇംഗ്ലീഷിൽ നിന്നും ഹിന്ദിയിലേക്ക് മൊഴിമാറ്റം നടത്തി. അജിത് കുമാർ രാവിലെ നടന്ന സമ്മേളനത്തിന് നേതൃത്വം നൽകി.


## മാട്രിമോണിയൽ

യുകെയിലുള്ള പെന്തക്കോസ്ത് യുവതി (26, ബി എസ് സി നേഴ്സ്, 157 cm) ക്ക് ആത്മീയരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: +91 96564 04296, +44 7867 038800







തയ്യാറാക്കിയത്:
സിസ്റ്റർ രേഖ സജിമോൻ

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: യെശയ്യാവ് 4 - 6

1) വിശുദ്ധ സന്തതി ശേഷിക്കുന്നതെങ്ങനെ?
2) ആറാറു ചിറകുണ്ടായിരുന്നതാർക്ക് ?
3) കണ്ണ് താഴുന്നത് ആരുടെ?
4) താളടിയെ തിന്നു കളയുന്നത് എന്ത്?
5) ദാഹത്താൽ വരണ്ടു പോകുന്നതാര്?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1) ആമോസ് (യെശ.1:1)
2) ബലവാൻ (യെശ. 2:31)
3) ബാലന്മാരെ (യെശ. 3:4)
4) യെഹോവയെ ഉപേക്ഷിക്കുന്നവർ (1:28)
5) പാപം (1:18)

CHRISTIAN LIVE DAILY
06 MARCH 2024
VOL 03
ISSUE 065 | 764
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

